പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

15.01.2022

# സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് ചട്ടങ്ങൾ നിർമ്മിക്കുകയോ പരിഷ്ക്കരിക്കുയോ ചെയ്യണം

**-ബാലാവകാശ കമ്മീഷൻ**

കുട്ടികളുൾപ്പെടെയുള്ള സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് ചട്ടങ്ങൾ നിർമ്മിക്കുക യോ പരിഷ്ക്കരിക്കുയോ ചെയ്യണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഗതാഗത വകുപ്പ് സെക്രട്ടറിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും കമ്മീഷൻ നിർദ്ദേശം നൽകി. നടപടികൾക്ക് കാലതാമസം വന്നാൽ സൈക്കിൾ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിശദമായ ഉത്തരവുകൾ പുറപ്പെടുവിക്കണം.ആയതിന് ഗതാഗത, ആഭ്യന്തരവകുപ്പ് സെക്രട്ടറിമാർ സംസ്ഥാന പോലീസ് മേധാവി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ നടപടിസ്വീകരിക്കണമെന്നും ബാലാവകാശ കമ്മീഷൻ അംഗം കെ.നസീർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചു.

റോഡ് സെയ്ഫിറ്റി അതോറിറ്റീ ബാലാവകാശ കമ്മീഷന് സമർപ്പിച്ച സ്ഥിതിവിവര കണ ക്കുകൾ പ്രകാരം 2018ൽ കേരളത്തൽ 1146 സൈക്കിൾ യാത്രക്കാർ അപകടത്തിൽ പെട്ടു.86പേർക്ക് മാരകമായി പരിക്കേൽക്കുകയും 86പേർ മരണപ്പടുകയും ചെയ്തിട്ടുണ്ട്. 2019ലും 2020ലും ഇത് യഥാക്രമം(1013,812)(100,84)(101,88)ആണ്. 2018 മുതൽ 2020 വരെ യുള്ള കാലഘട്ടങ്ങളിൽ കേളത്തിൽ എറ്റവും കൂടുതൽ സൈക്കിൾ യാത്രക്കാർ മരണപ്പ ട്ടിരിക്കുന്നത് ആലപ്പുഴ(71) തൃശൂർ(54)എറണാകുളം(44) ജില്ലകളിലാണ്. കേരളത്തിൽ സൈക്കിൾ ഉപയോഗിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ അപകടത്തിൽ പെടുന്നതും മരണം കൂടിവരുന്നതും കമ്മീഷൻ വളരെ ഗൗരവത്തോടെയാണ് കാണുന്നത്.

ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പുറപ്പെടുവിക്കുമ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തണം. രാത്രി സൈക്കിൾ യാത്ര നടത്തുന്നവർ സൈക്കിളിൽ റിഫ്ളാക്ടറുകൾ ഘടിപ്പിക്കുകയും മധ്യലൈറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. ഹെൽമറ്റ് റിഫ്ളാക്ട് ജാക്കറ്റ് എന്നിവ ധരിക്കണം.അമിത വേഗത്തിലുള്ളയാത്രകൾ നിയ ന്ത്രിക്കണം. സൈക്കിൾ പൂർണ്ണമായും സുരക്ഷിതമാണെന്നും മറ്റു തകരാറുകൾ ഇല്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ മാനദണ്ഡങ്ങളിൽ ഉൾപ്പടുത്തണം.

നാഷണൽ ഹൈവേകളിലും മറ്റു റോഡുകളിലും സൈക്കിൾ യാത്രക്ക് പ്രത്യേക ഭാഗം അടയാളപ്പെടുത്തി ട്രാക്ക് സ്ഥാപിക്കണം. സൈക്കിൾ യാത്രയെകുറിച്ചും സൈക്കിൾ യാത്രക്കാർ പാലിക്കേണ്ട സുരക്ഷയെ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനും ശരിയായി പരിശീലനം നൽകുന്നതിനും നടപടി. ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെ സ്കൂളുകൾക്ക് ചുറ്റുമുള്ള സ്ഥലങ്ങളിലും സമീപമുള്ള റോഡുകളിലും രാവിലേയും വൈകുന്നേരവും ഡ്യൂട്ടിക്ക് പതിവായി നിയോഗിക്കണം. പോലീസ് മൊബൈൽ പട്രോളിംഗും ബൈക്ക് പട്രോളിംഗും സ്കൂൾ സോൺ റോഡുകളിൽ സ്ഥിര മായി ക്രമീകരിക്കാനും നടപടി റിപ്പോർട്ട് 90 ദിവസത്തിനുള്ളിൽ നൽകാനും കമ്മീഷൻ നിർദ്ദേശിച്ചു.

റോഡുകളിൽ സൈക്കിളുകൾ ഉപയോഗിക്കുന്നവർ അപകടത്തിൽപ്പെടുന്നതിന് മോട്ടോർ വാഹനങ്ങൾ ഒരു കാരണമാകുന്നു. ആയതിന് സൈക്കിൾ യാത്രക്കാരടക്ക മുള്ള യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന റഗുലേഷൻ കർശന മായി സംസ്ഥാനത്ത് നടപ്പാക്കണം. യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ചട്ടങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുള്ളതിനാൽ ആയതിനനുസൃതമായി ചട്ടങ്ങൾ കൊണ്ടുവരുകയോ കേരള മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്ക്കരിക്കുകയോ ചെയ്യണമെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

സൈക്കിൾ യാത്രക്കാരായ കുട്ടികൾ സൈക്കിൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷ മാനദണ്ഡങ്ങളും ട്രാഫിക് നിയമങ്ങളെയും സംബന്ധിച്ച് വിവിധ വകുപ്പുകൾ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി പൂർണ്ണ സുരക്ഷ ഉറപ്പ് വരുത്താൻ കുട്ടികളെ സജ്ജരാക്കണം. അതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ്, പോലീസ്, ട്രാൻസ് പോർട്ട് വകുപ്പ് എന്നിവർ സ്വീകരിക്കേണ്ടതാണ്.

കുട്ടികൾ കൂടുതലായും സ്കൂളിൽ പോകാനും പുറത്ത് പോകാനും സൈക്കിൾ ഉപയോ ഗിക്കുന്നവരാണ്. അടുത്ത കാലത്തായി സൈക്കിൾ അപകടം നിമിത്തം ധാരാളം കുട്ടി കൾ മരണപ്പെടുന്നു എന്ന വാർത്തകൾ മാധ്യമങ്ങളിൽ കൂടുതലാണ്. സൈക്കിൾ അപക ടങ്ങൾ സംസ്ഥാനത്ത് തുടരുന്നതായും ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് അടിയ ന്തിര ഇടപെടൽ നടത്തണമെന്നും ആവശ്യപ്പെട്ട് ബാലാവകാശ പ്രവർത്തക സുനന്ദ കമ്മീഷന് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പബ്ളിക് റിലേഷൻസ് ഓഫീസർ